# പ്രവാചകന്റെ മാതൃകാ ജീവിതം

[رسول الله صلى الله عليه وسلم: أسوة حسنة]


തയ്യാറാക്കിയത്:

**കബീര്‍ എം. പറളി**

إعداد / محمد كبير سلفي



Web Edition by:

islamhouse.com

1433 – 2012

بِسْمِ اللّٰهِ الرَّحْمَـٰنِ الرَّحِيمِ

അല്ലാഹുവിന്റെ പ്രീതിയും പരലോകത്തിലെ വിജയവും കാംക്ഷിക്കുന്ന ഏതൊരു വിശ്വാസിക്കും, അല്ലാഹു വിശുദ്ധ ഖുർആനിലൂടെ പ്രഖ്യാപിച്ചതു പോലെ,പ്രവാചക ജീവിതത്തിൽ ഉത്തമമായ മാതൃകയുണ്ട്. തനുവും മനവും ചന്തമാർന്നതായിരുന്നു പ്രവാചകന്റേത്. ആ കൈത്തലങ്ങൾക്കു പോലും നൈർമ്മല്യമായിരുന്നു. സദാ സുഗന്ധം തൂകുന്ന മേനി. ധിഷണ കൊണ്ടനുഗ്രഹീതൻ. അവിടുത്തെ സാമീപ്യത്തിനും സമീപനങ്ങൾക്കും എന്തു മാത്രം ഹൃദ്യതയായിരുന്നു! സ്രഷ്ടാവിനെ ആരേക്കാളുമധികം അറിഞ്ഞവർ; അവനെ ആരേക്കാളുമധികം ഭയന്നവർ! അബ്ദുല്ലാഹി ബ്നു അശ്ശഖീർ(ﷺ) പറയുകയുണ്ടായി: ''പ്രവാചകൻ നമസ്കാരത്തിലായിരിക്കെ ഞാനൊരിക്കൽ അവിടുത്തെ സമീപിക്കുകയുണ്ടായി. തിരുമേനിയുടെ ഹൃദയത്തിൽ നിന്നും പാത്രത്തിൽ ചുടുവെള്ളം തിളക്കുന്നതു പോലുള്ള തേങ്ങൽ കേൾക്കാമായിരുന്നു''!

ധീരനായിരുന്നു തിരുമേനി(ﷺ).ഔദാര്യത്തിന്റെ നിറകുടമായിരുന്നു. ആരുമായുമുള്ള ബാധ്യതയും കൃത്യമായി പാലിച്ചിരുന്നു അവിടുന്ന്. സഹജീവികളോടുള്ള തിരുമേനി(ﷺ)യുടെ പെരുമാറ്റരീതി മാന്യവും മാതൃകാപരവുമായിരുന്നു. ആരേയും വെറുപ്പിക്കാത്ത പ്രകൃതം. പ്രവാചകനെപ്പറ്റി അവിടുത്തെ സേവകനായിരുന്ന അനസ് ബ്നു മാലിക്(ﷺ) അനുസ്മരിച്ചത് കാണുക. ''നീണ്ട പത്തു വർഷക്കാലം ഞാനെന്റെ റസൂലിന്റെ സേവകനായിരുന്നു. ഒരിക്കൽ പോലും 'ഛെ മോശം' എന്ന്

എന്നോടവിടുന്ന് പറഞ്ഞിട്ടില്ല. ഒരു കാര്യം ചെയ്തതിന്റെ പേരിൽ എന്തിനേ നീയിങ്ങനെ ചെയ്തു എന്നോ,ഒരു കാര്യം മറന്നു പോയതിന്റെ പേരിൽ എന്തേ നീയതു ചെയ്തില്ല എന്നോ പറഞ്ഞ് തിരുമേനിയെന്നെ ശാസിക്കുകയും ചെയ്തിട്ടില്ല.'' (മുസ്ലിം)

അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചും സൽകർമ്മങ്ങളിൽ നിരതനായും യഥാർഥ ദാസന്റെ ധർമ്മം നിർവഹിച്ചവരായിരുന്നു നബി(ﷺ). ഇസ്ലാമിന്റെ മാർഗത്തിൽ അനുഭവിക്കേണ്ടി വന്ന എല്ലാ പരീക്ഷണങ്ങളേയും ക്ഷമാപൂർവമാണ് അവിടുന്ന് നേരിട്ടത്. തിരുമേനി(ﷺ)യുടെ സഹനശക്തി അതിശയിപ്പിക്കുന്നതായിരുന്നു. ലജ്ജയുടെ കാര്യത്തിൽ പ്രവാചകൻ(ﷺ) മാതൃകാ പുരുഷനായിരുന്നു. തനിക്കിഷ്ടമില്ലാത്ത ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടാൽ പ്രവാചകന്റെ മുഖത്ത് അതിന്റെ പ്രതികരണങ്ങൾ  കാണാമായിരുന്നു. മറയിലിരിക്കുന്ന കന്യകകളേക്കാൾ ലജ്ജാലുവായിരുന്നു പ്രവാചകൻ(ﷺ) എന്ന് ഹദീസുകളിൽ നിന്ന് വായിക്കാനാകുന്നുണ്ട്.

നബി തിരുമേനി(ﷺ) ആരോടും അന്യായമായി പെരുമാറിയില്ല. തന്റെ കാര്യത്തിൽ ഒരാളോടും പ്രതികാര നടപടി സ്വീകരിച്ചതുമില്ല. തന്നോടാരെങ്കിലും മോശമായി പെരുമാറിയതിന്റെ പേരിൽ അവരോട് കോപിഷ്ടനാവുകയോ, ശാസിക്കുക പോലുമോ ചെയ്തിട്ടില്ല. എന്നാൽ അല്ലാഹുവിന്റെ ഏതെങ്കിലുമൊരു നിയമം ആരു ലംഘിച്ചാലും പ്രവാചക(ﷺ)ന്റെ മുഖകമലം തുടുക്കും. അല്ലാഹുവിന്റെ കോപത്തെ നേരിടാൻ ആർക്കുമാകില്ല എന്നതു കൊണ്ടു തന്നെ അത്തരം നിയമ

ലംഘകരെ പ്രവാചകൻ(ﷺ) ശക്തമായി താക്കീതു ചെയ്യാറുണ്ടായിരുന്നു. അക്കാര്യത്തിൽ ചെറിയവർ, വലിയവർ, ശക്തർ, ദുർബലർ, പണക്കാർ, പട്ടിണിക്കാർ എന്നിങ്ങനെ ഒരു വേർതിരിവും അവിടുന്ന് കൽപിച്ചിരുന്നില്ല. പരലോകത്ത് തന്റെ ഉമ്മത്തിലെ അംഗങ്ങൾ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് വിധേയരായി നരകഗ്രസ്ഥരാകരുത് എന്ന ഗുണകാംക്ഷാ നിർഭരമായ മനസ്സാണ്, അത്തരം കർക്കശമായ താക്കീതിന് പ്രവാചക(ﷺ)നെ പ്രേരിപ്പിച്ചതു തന്നെ.

ലഭിക്കുന്ന ഭക്ഷണമെത്ര ലഘുവായിരുന്നാലും സന്തോഷപൂർവം കഴിക്കുക എന്ന രീതിയാണ് നബി(ﷺ)യുടേത്. താത്പര്യമുള്ളതാണെങ്കിൽ കഴിക്കും അല്ലെങ്കിൽ മാറ്റിവെക്കും എന്നല്ലാതെ ഒരു ഭക്ഷണത്തെയും കുറ്റം പറയുന്ന സ്വഭാവക്കാരനായിരുന്നില്ല അവിടുന്ന്. അനുവദനീയമായ ഭക്ഷണങ്ങൾ പോലും ആവശ്യത്തിനു മാത്രം കഴിക്കും. ഭക്ഷണസാധനങ്ങൾ നശിപ്പിച്ചു കളയരുതെന്ന് തിരുമേനി(ﷺ) പ്രത്യേകം ഉണർത്തിയിട്ടുള്ളതാണ്.ആർത്തിയോടെയുള്ളതും, അതിരു വിട്ടുള്ളതുമായ ഭക്ഷണരീതിയെ തിരുമേനി(ﷺ) വിലക്കിയിട്ടുണ്ട്.ഖുർആനിന്റെ അധ്യാപനവും അതു തന്നെയാണ്. ''നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക.എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല.''(അഅ്റാഫ്:31)

ആരിൽ നിന്നും സമ്മാനങ്ങൾ സ്വീകരിക്കുമായിരുന്ന പ്രവാചകൻ, അവർക്കും തിരിച്ചങ്ങനെ നൽകുമായിരുന്നു.സ്വന്തം ചെരുപ്പു കേടുതീർക്കും.കീറിയ തന്റെ വസ്ത്രങ്ങൾ സ്വയം തുന്നിച്ചേർക്കും. വീട്ടു കാര്യങ്ങളിൽ ഭാര്യയെ സഹായിക്കും. ആടിനെ കറക്കും. അങ്ങനെ

സ്വന്തം കാര്യങ്ങൾ സ്വയം തന്നെ ചെയ്യാൻ ഉൽസാഹം കാട്ടും. അതെ, ലോകഗുരു മുഹമ്മദ് നബി(ﷺ) വിനയത്തിന്റെ ആൾരൂപം തന്നെയായിരുന്നു. ആര് എന്താവശ്യത്തിന് വിളിച്ചാലും പ്രവാചകൻ(ﷺ) അവർക്ക് ചെവി കൊടുക്കുമായിരുന്നു. അവരുടെ സ്ഥാനമാനങ്ങൾ പരിഗണിച്ചു കൊണ്ടായിരുന്നില്ല അത്. തികഞ്ഞ നീതിയും, സേവന മനസ്ഥിതിയുമായിരുന്നു പ്രവാചകന്റെ മാറ്റ്. അല്ലാഹുമ്മ സ്വല്ലി വസല്ലിം അലൈഹി!

പാവപ്പെട്ടവരോട് പ്രവാചകന് പ്രത്യേകം കനിവായിരുന്നു. അവരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കാനും, അവരിലെ രോഗികളെ സന്ദർശിക്കാനും, അവരുടെ ജനാസയിൽ പങ്കെടുക്കാനും ഉൽസാഹം കാണിച്ചിരുന്നു തിരുനബി(ﷺ). ഒരു ദരിദ്രനേയും അധഃസ്ഥിതനായി കണ്ട് മാറ്റി നിർത്തിയില്ല. ഒരു രാജാവിനേയും അവന്റെ ആധിപത്യത്തെ പരിഗണിച്ച് ആദരിച്ചില്ല. ഏത് നേതാവിനേയും ബാധിക്കാവുന്ന ഉച്ചനീചത്വ മനസ്ഥിതി ലോക ശ്രേഷ്ഠന്റെ ജീവിതത്തിൽ ഒരിടത്തും കാണാനാവില്ല. അദ്ദേഹം ഒട്ടകപ്പുറത്തും, കഴുതപ്പുറത്തും, കുതിരപ്പുറത്തും, കോവർകഴുതപ്പുറത്തുമൊക്കെ യാത്ര ചെയ്തിട്ടുണ്ട്.വാഹനത്തിന്റെ കാര്യത്തിൽ പോലും അന്യർക്ക് അലോസരമുണ്ടാക്കുന്ന പൊങ്ങച്ചമോ ഡംബോ കാണിച്ചില്ല അവിടുന്ന്. തന്റെ വാഹനത്തിനു പിറകെ കാൽ നടയായി സഞ്ചരിക്കാൻ പ്രവാചകൻ(ﷺ) ആരേയും അനുവദിച്ചിരുന്നില്ല. തന്റെ പിറകിലിരുത്തി അയാളേയും കൊണ്ട് സഞ്ചരിക്കുക എന്നതായിരുന്നു അവിടുത്തെ രീതി. നേതാവ് അനുയായി എന്ന വേർതിരിവ് ഒരു തരിമ്പും ഉണ്ടായിക്കൂടാ എന്ന നിഷ്കർഷ പ്രവാചകന്നുണ്ടായിരുന്നു എന്നർഥം!

വിശന്നാൽ വെപ്രാളപ്പെടുന്ന ആളായിരുന്നില്ല പ്രവാചകൻ(ﷺ). എത്രവട്ടം ആ പവിത്രമായ വയറിൽ കരിങ്കല്ലുകൾ ഒട്ടി നിന്നു! വിശപ്പു തീവ്രമാകുമ്പോൾ ഒന്ന് നിവർന്നു നിൽക്കാൻ നബിതിരുമേനി(ﷺ) സ്വന്തം വയറ്റിൽ കല്ലു കെട്ടി വെക്കുകയായിരുന്നു!! ദുനിയാവിന്റെ ഖജനാവുകളും അതിന്റെ താക്കോലുകളും കയ്യിലുണ്ടായിരിക്കേയാണ് പ്രവാചക(ﷺ)ന്റെ ഈ സഹനം. ദുനിയാവിനു പകരം പരലോകത്തെ തെരഞ്ഞെടുത്ത റസൂലിന് അങ്ങനെയേ ചെയ്യാനാകുമായിരുന്നുള്ളൂ. അനുയായികൾ വിശപ്പിനാൽ എരിപൊരി കൊള്ളുമ്പോഴും സുഭിക്ഷമായി എരിവും പുളിയും ചേർത്ത് മൂക്കറ്റം തിന്നുന്ന നേതാക്കളുടെ ലോകമാണിത്.ആ ലോകത്ത് അല്ലാഹുവിന്റെ ദൂതൻ ജാജ്ജ്വലം ഉയർന്നു നിൽക്കുകയാണ്.

അല്ലാഹുവിനെ ധാരാളമായി ഓർത്തും, പ്രകൃതി വിസ്മയങ്ങളിലേക്ക് കണ്ണയച്ചു ചിന്തിച്ചും, അനാവശ്യ വർത്തമാനങ്ങളിൽ നിന്ന് അകന്നും നബി(ﷺ) തന്റെ ജീവിതത്തെ പുഷ്കലമാക്കി. ഇക്കാര്യങ്ങളിലൊക്കെ തിരുമേനി(ﷺ) വിശ്വാസീ ലോകത്തിന് മാറ്റി നിർത്താനാവാത്ത മാതൃകയാണ്.പ്രവാചക(ﷺ)ന്റെ മുഖത്ത് സദാ പുഞ്ചിരി തത്തി നിന്നിരുന്നു. വെറുക്കപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽ പെടുമ്പോഴല്ലാതെ ആ മുഖം ഗൗരവപ്പെടില്ലായിരുന്നു. മന്ദഹാസമായിരുന്നു അവിടുത്തേത്. തമാശകൾ പറയുകയും ആസ്വദിക്കുകയും ചെയ്യാറുള്ള പ്രവാചകൻ ചില സന്ദർഭങ്ങളിലെങ്കിലും തന്റെ അണപ്പല്ലുകൾ കാണും വിധം ചിരിക്കാറുണ്ടായിരുന്നു. തമാശകളിൽ പക്ഷെ, സത്യമായതല്ലാതെ പറയാറില്ല. ആശാസ്യമാ

യ തമാശകൾക്കല്ലാതെ അദ്ദേഹം ചെവി കൊടുക്കാറു മില്ല.

ആരേയും ആട്ടിയകറ്റാത്ത പ്രകൃതമായിരുന്നു റസൂലിന്റേത്. എല്ലാവരേയും പരിഗണിക്കും. ആരുടെ ഒഴിവു കഴിവുകളേയും സ്വീകരിക്കും. സരളമായും ചിലപ്പോൾ സരസമായും സംസാരിക്കാറുള്ള നബി(ﷺ), ആളുകൾക്ക് വ്യക്തമാകും വിധം മൂന്ന് പ്രാവശ്യം ആവർത്തിക്കാറുണ്ടെന്ന് അനസ് ബ്നു മാലിക്(رضي الله عنه) നിവേദനം ചെയ്ത ഹദീസിൽ വന്നിട്ടുണ്ട്. നബി(ﷺ)യുടെ സദസ്സിൽ സന്നിഹിതരായവർക്ക് സുഗ്രാഹ്യമാകും വിധമായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണങ്ങൾ.വലിച്ചു നീട്ടിയുള്ള സംസാരമായിരുന്നില്ല അവ. സാരഗർഭമായ ഉപദേശങ്ങളായിരുന്നു മുഴുവനും.വെള്ളിയാഴ്ചകളിലെ ഖുതുബകൾ പോലും ഖുർആനിക സൂക്തങ്ങൾ പാരായണം ചെയ്തു കൊണ്ടുള്ള സാരോപദേശങ്ങളും താക്കീതുകളുമായിരുന്നു.താളാത്മകവും ആകർഷണീയത നിറഞ്ഞതും ചിലപ്പോൾ ഒരു സൈന്യാധിപന്റെ ആജ്ഞകണക്കെ ഉറച്ച സ്വരമുള്ളതും ആയിരുന്നു അവിടുത്തെ ഖുതുബാ ശൈലി.

സ്വഹാബത്തിന്റെ നിലപാടുകളിലും പ്രവണതകളിലും കാണുന്ന അപാകതകളെ സ്നേഹബുദ്ധ്യാ ശാസിക്കുക എന്നതല്ലാതെ ആക്ഷേപിക്കുന്ന രീതിയായിരുന്നില്ല അത്. അവരിൽ നന്മകൾ കാണുന്ന മാത്രയിൽ അതിനെ പ്രോത്സാഹിപ്പിക്കാനും കൂടുതൽ നന്മകളിലേക്ക് പ്രേരിപ്പിക്കാനും തിരുമേനി(ﷺ) ശ്രദ്ധ കാണിച്ച ഒരുപാടു സംഭവങ്ങൾ പ്രവാചക ജീവിതത്തിലുണ്ട്. ആരും ആരേയും അന്യായമായി ദ്രോഹിക്കരുതെന്നും, ആർക്കും വിഷമകരമായിത്തീരുന്ന ഒന്നും പ്രവർത്തിക്കരുതെന്നും

നബി തിരുമേനി(ﷺ) പ്രത്യേകം ഉപദേശിച്ചിട്ടുണ്ട്. വിഷമിപ്പിക്കാനല്ല, എളുപ്പമുണ്ടാക്കാനാണ്, വെറുപ്പിക്കാനല്ല സന്തോഷം പകരാനാണ് മുഴുവൻ വിശ്വാസികളും ശ്രദ്ധിക്കേണ്ടത് എന്ന മഹിതോപദേശം ഹദീസുകളിൽ നിന്ന് വായിക്കാനാകും. ക്ഷമ, സഹനം, വിട്ടുവീഴ്ച, അനുകമ്പ, പരോപകാരം തുടങ്ങിയ മാനുഷിക ഗുണങ്ങളെ പരിപോഷിപ്പിക്കാനുള്ള എത്രയെത്ര നിർദ്ദേശങ്ങളാണ് ആ മഹിത ജീവിതത്തിലുള്ളത്!

പ്രവാചക(ﷺ)ന്റെ സദസ്സ് സ്വഹാബത്തിന് കൺകുളിർമ്മയാണ്. നിറഞ്ഞ വിജ്ഞാനമായിരുന്നു അതിൽ. ഓരോ ഉപദേശ മുത്തുകളും പെറുക്കിയെടുക്കാൻ സ്വഹാബത്ത് കാണിച്ച ശ്രദ്ധ മറ്റൊരു നേതാവിന്റെ അനുയായികളിലും കാണുക സാധ്യമല്ല. തലയിലൊരു കുരുവി വന്നിരുന്നാൽ പാറിപ്പോകാത്ത വിധം നിശ്ശബ്ദരും നിശ്ചേഷ്ഠരുമായിരുന്നു പ്രവാചകന്റെ മുമ്പിലെ സ്വഹാബത്തിന്റെ ഇരുത്തം. പ്രവാചക(ﷺ)ന്റെ ഒരു മൊഴിയും കാതിലും ഖൽബിലും പെടാതെ പോകരുത് എന്ന നിഷ്കർഷ! അവർ എല്ലാം കേൾക്കും. സംശയങ്ങൾ ചോദിക്കും.പ്രവാചക തിരുമേനി(ﷺ) സ്വഹാബത്തിന്റെ ചോദ്യങ്ങൾക്ക് താത്പര്യപൂർവം മറുപടി നൽകും.ശ്രോദ്ധാവിന്റെ ശ്രദ്ധയെ കയ്യിലെടുക്കും വിധമാണ് നബി(ﷺ) യുടെ വൈജ്ഞാനികാവതരണത്തിന്റെ തുടക്കം തന്നെ. ഏതൊരു കാര്യം പഠിപ്പിക്കാനുദ്ദേശിക്കുമ്പോഴും 'ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെ', 'നിങ്ങൾക്കത് അറിയുമൊ' തുടങ്ങിയ രീതിയിലുള്ള ചോദ്യങ്ങൾ കൊണ്ടാകും അധിക സന്ദർഭങ്ങളിലും സ്വഹാബത്തിന്റെ ശ്രദ്ധ ക്ഷണിക്കാറ്. 'റസൂലേ, പറഞ്ഞു തന്നാലും', 'ഇല്ല ദൂതരേ, അല്ലാഹുവിനും അവന്റെ റസൂലിന്നുമറിയാം' തുട

ങ്ങിയ മറുപടികൾ കൊണ്ടാകും സ്വഹാബികൾ തങ്ങളുടെ ശ്രദ്ധാസാന്നിധ്യത്തെ പ്രകടിപ്പിക്കാറുള്ളത്.

ചുരുക്കത്തിൽ, ലോകത്തിന്റെ നെറുകിലാണ് പ്രവാചക ജീവിതത്തിന്നു സ്ഥാനം. മനുഷ്യ ജീവിതത്തിന്റെ നാനാഭാഗത്തേക്കും വെളിച്ചം പകർന്ന് നിൽക്കുകയാണത്. ആർക്കും കാണാനും പഠിക്കാനും പകർത്താനുമാവും വിധം സുവ്യക്തമാണ് അതിന്റെ ഓരോ ഭാഗവും. അതു കൊണ്ടാണ്, ആ മഹൽ ജീവിതത്തെ വിമർശിക്കാനായി സമീപിക്കുന്നവർ പോലും പ്രവാചകനെ മാതൃകയായി നെഞ്ചിൽ വരിച്ച് മനോധന്യരായി തിരിച്ചു പോകുന്നത്!

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

************